**തദ്ദേശസ്വയംഭരണവകുപ്പ് പ്ലാനിംഗ്, ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കണ്ണൂർ**

**ജില്ലാനഗരാസൂത്രകന്റെ നടപടിക്രമം**

വിഷയം :- തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ്- ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കണ്ണൂർ-ഇരിട്ടി താലൂക്ക്-പായം ഗ്രാമപഞ്ചായത്ത്-വിളമന വില്ലേജ്- റീ.സ.നമ്പർ 355/110 ൽ പെട്ട സ്ഥലത്ത് ഗ്രൂപ്പ് ഡി അസംബ്ലി കെട്ടിടം നിർമ്മിക്കുന്നതിന് ഭൂപയോഗത്തിനും ലേഔട്ടിനും അനുമതി നൽകി ഉത്തരവാകുന്നു.

പരാമർശം: - 1) KPBR-2019 ചട്ടം 30

2) ശ്രീ. റെവ്. ഫാദർ വികാർ, സെന്റ് തോമസ് ചർച്ച്, കുന്നോത്ത്-670706 എന്നവർ 15/11/2022 തീയതിയിൽ സമർപ്പിച്ച അപേക്ഷ.

---

**ഉത്തരവ് നമ്പർ TCPKNR/899/2022-C** **തീയതി** 18-11-2022

---

കണ്ണൂർ ജില്ലയിൽ ഇരിട്ടി താലൂക്കിൽ പായം ഗ്രാമപഞ്ചായത്തിൽ , വിളമന വില്ലേജിൽ റി. സ. നമ്പർ 355/110 ൽ സ്ഥിതി ചെയ്യുന്ന 57,912 ച . മീ വിസ്തൃതിയുള്ള പ്ലോട്ടിൽ ഗ്രൂപ്പ് ഡി ഗണത്തിൽ പെടുന്ന അസംബ്ലി ഹാൾ കെട്ടിടം നിർമ്മിക്കുന്നതിന് നിലവിലുള്ള നിർമ്മാണങ്ങളായ 148.19 ച.മീ വിസ്തീർണ്ണമുള്ള കൊമേഴ്സ്യൽ ബിൽഡിംഗ് , 6 ച.മീ വിസ്തീർണ്ണമുള്ള പമ്പ് ഹൗസ്, 360 ച.മീ വിസ്തീർണ്ണമുള്ള ചർച്ച് ബിൽഡിംഗ്, 150 ച.മീ വിസ്തീർണ്ണമുള്ള ഡോർമിറ്ററി കെട്ടിടം, 140 ച.മീ വിസ്തീർണ്ണമുള്ള ഓഫീസ് കെട്ടിടം , വിഭാവിത നിർമ്മാണമായ 770.49 ച.മീ വിസ്തീർണ്ണമുള്ള പാരിഷ് ഹാൾ എന്നിവ ഉൾപ്പെടെ ആകെ 1574.68 ച.മീ ബിൽട്ടപ്പ് വിസ്തീർണ്ണമുള്ള നിർമ്മാണങ്ങളുടെ ലേ ഔട്ട് അനുമതിക്കായി ശ്രീ. റെവ്. ഫാദർ വികാർ, സെന്റ് തോമസ് ചർച്ച്, കുന്നോത്ത്-670706 എന്നവർ സമർപ്പിച്ചിരുന്ന പ്ലാൻ പ്രകാരം , KPBR 2019 ചട്ടം 30 പ്രകാരം താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ഭൂപയോഗത്തിനും ലേ ഔട്ട് അനുമതിക്കും അംഗീകാരം നൽകി ഇതിനാൽ ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. താഴെ പറയുന്ന നിബന്ധനകൾ പാലിച്ചിട്ടുണ്ടെന്നും നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ എൻ.ഓ.സി / അനുമതി ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പുവരുത്തിയ ശേഷം മാത്രമേ സെക്രട്ടറി നിർമ്മാണാനുമതി നൽകുവാൻ പാടുള്ളൂ .
2. KPBR-2019 ചട്ടം 9 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത, സർവ്വേ നമ്പർ, അളവുകൾ, അതിരുകൾ, വിസ്തൃതി, ഭൂമിയുടെ തരം, അപേക്ഷകന്റെ നിർമ്മാണാവകാശം എന്നിവയും, നിർദിഷ്ട സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നില്ല എന്നും രേഖകൾ പരിശോധിച്ച് സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.
3. നിർമ്മാണം KPBR-2019 നും അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റു നിയമങ്ങൾക്കും അനുസൃതമായിരിക്കണം.
4. KPBR-2019 ചട്ടം 76(1), 76(2), 76(3) പ്രകാരമുള്ള ഭൂഗർഭ ജല പോഷണ സംവിധാനം, 50 litres/coverage തോതിൽ മഴ വെള്ള സംഭരണി, 450 ച.മീ. സ്ഥലത്തിനു ഒരു വൃക്ഷം എന്ന തോതിൽ urban forestry എന്നിവ പ്ലോട്ടിൽ ഏർപ്പെടുത്തേണ്ടതാണ്
5. KPBR-2019 ചട്ടം 77, 78 പ്രകാരം ആവശ്യമായ solar energy installation, solar assisted water heating system എന്നിവ Group-A2 & D കെട്ടിടങ്ങളിൽ ഏർപ്പെടുത്തേണ്ടതാണ്.
6. KPBR-2019 ചട്ടം 29 പ്രകാരം പ്ലോട്ടിലുള്ള മുഴുവൻ കെട്ടിടങ്ങൾക്കും ആവശ്യമായ 61 numbers 4 wheeler parking, 226.45 sqm two wheeler parking സൗകര്യം എന്നിവ പ്ലോട്ടിൽ ഏർപ്പെടുത്തേണ്ടതാണ്.
7. KPBR-2019 ചട്ടം 42(5) പ്രകാരം ശാരീരിക അവശതയുള്ളവർക്കുള്ള പാർക്കിംഗ് ഓരോ കെട്ടിടത്തിനും പ്രത്യേകം ഏർപ്പെടുത്തേണ്ടതാണ്.
8. KPBR-2019 ചട്ടം 28 പ്രകാരം പ്ലോട്ടിലേക്കുള്ള പ്രവേശന കവാടത്തിനു minimum clear width 5 മീറ്റർ വീതി ലഭ്യമാകേണ്ടതാണ്.
9. സൈറ്റ് പ്ലാനിൽ രേഖപ്പെടുത്തിയിട്ടുള്ള നിലവിലുള്ള നിർമ്മാണങ്ങൾ അംഗീകൃത കെട്ടിടങ്ങളാണെന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്. അല്ലാത്തവ പൊളിച്ച് മാറ്റിയിട്ടുണ്ടെന്നു ഉറപ്പുവരുത്തേണ്ടതാണ്.
10. KPBR 2019 ചട്ടം 42 (1),(3),(4) പ്രകാരം ഭിന്നശേഷിക്കാർക്ക് ആവശ്യമായ റാമ്പ്, ടോയിലെറ്റ് സൗകര്യങ്ങൾ എന്നിവ ഒരുക്കിയിട്ടുണ്ടെന്നു സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.

എൽ. എ നമ്പർ 62/2022 പ്രകാരം ജില്ലാ നഗരാസൂത്രകൻ അംഗീകരിച്ച കെട്ടിടവിന്യാസ

വരപ്പുകൾ ഇതോടൊപ്പം അയക്കുന്നു.

ഇത് നിർമ്മാണത്തിനുള്ള അനുമതി പത്രമല്ല. ആയത് ഗ്രാമപഞ്ചായത്തിൽ നിന്നും നിയമാനുസൃതം ലഭ്യമാക്കിയിരിക്കേണ്ടതാണ്.

ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കണ്ണൂർ - 670 002, തദ്ദേശ സ്വയംഭരണ വകുപ്പ് - പ്ലാനിംഗ്

പി. രവികമാർ
ടൗൺപ്ലാനർ
കണ്ണൂർ

To

സെക്രട്ടറി, പായം ഗ്രാമപഞ്ചായത്ത്

<u>പകർപ്പ്</u>

1) ശ്രീ. റെവ് ഫാദർ വികാർ, സെന്റ് തോമസ് ചർച്ച്, കന്നോത്ത്, 670706

2) ഫയൽ 3) കരുതൽ ഫയൽ